ഓണാട്ടുകര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്
കറ്റാനം, വെട്ടിക്കോട് പിൻ - 690 503
REGD. NO. CINU01133KL2015PTC037897
PH: 0479 2339911

# 10-ാമത് വാർഷിക പൊതുയോഗ അറിയിപ്പ്

സ്ഥലം : ഓണാട്ടുകര കമ്പനിയുടെ രജിസ്റ്റേഡ് ഓഫീസ് (വെട്ടിക്കോട്)

തീയതി : 2024 സെപ്തംബർ 11 ബുധനാഴ്ച രാവിലെ 10.00 ന്

കമ്പനിയുടെ 10-ാംമത് വാർഷിക പൊതുയോഗം 2024 സെപ്തംബർ 11 ന് ബുധനാഴ്ച രാവിലെ 10 മണിക്ക് കമ്പനിയുടെ വെട്ടിക്കോട്ടുള്ള റജിസ്റ്റേഡ് ഓഫീസിൽ വെച്ച് കമ്പനി ചെയർമാന്റെ അദ്ധ്യക്ഷതയിൽ താഴെപ്പറയുന്ന കാര്യപരിപാടികളോടു കൂടി കൂടുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത യോഗത്തിൽ എല്ലാ ഓഹരി ഉടമകളും കൃത്യസമയത്ത് തന്നെ ഹാജരാകണമെന്ന് അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

ചെയർമാൻ
ഓണാട്ടുകരകോക്കനട്ട്പ്രൊഡ്യൂസർകമ്പനിലിമിറ്റഡ് (OCPCL)

വെട്ടിക്കോട്
12.08.2024

## അജണ്ട

1. ഈശ്വരപ്രാർത്ഥന
2. സ്വാഗതം : **അഡ്വ. തോമസ്. എം. മാത്തുണ്ണി, അഡീഷണൽ ഡയറക്ടർ**
3. ഉപക്രമം : **ശ്രീ. കെ. എസ്. അലക്സാണ്ടർ, ചെയർമാൻ**
4. 2023-2024ലെ ബാലൻസ്ഷീറ്റ്, ലാഭനഷ്ടകണക്ക്, ക്യാഷ്ഫ്ളോസ്റ്റേറ്റ്മെന്റ്, ഓഡിറ്റ്റിപ്പോർട്ട്.
   അവതരണം: CA-R ശ്രീകുമാർ,സ്റ്റാറ്റ്യൂട്ടറിഓഡിറ്റർ, OCPCL
5. ഡയറക്ടേഴ്സ് റിപ്പോർട്ട് അവതരണം : **ഡോ. രമണിഗോപാലകൃഷ്ണൻ സി. ഇ. ഒ**
6. പൊതുചർച്ചയുംറിപ്പോർട്ട്പാസ്സാക്കലും- **പൊതുയോഗം**
7. 10.8.2024 ൽ ഡയറക്ടർ ബോർഡിലെ കാലാവധി കഴിഞ്ഞ അഡ്വ. **തോമസ് എം. മാത്തുണ്ണിയെ** അഡീഷണൽ ഡയറക്ടർ പദവിയിലേക്ക് മൂന്നുവർഷത്തേക്ക് നിയമനം നൽകിയ തീരുമാനം (ബോർഡിന്റെ 111-ാമത് യോഗം) അംഗീകരിക്കൽ-പൊതുയോഗം
8. ബഡ്ജറ്റ് 2024-2025 -അവതരണം : സി.ഇ.ഒ
9. ആശംസകൾ :

   **ഡയറക്ടർ ബോർഡ് അംഗങ്ങൾ**

   ശ്രീ. വി. സദാശിവൻ

   ശ്രീ. എസ്. ബാബുരാജ്

കൃതജ്ഞത : ശ്രീമതി ലളിതാംബ. എ, ഡയറക്ടർ

Scanned with OKEN Scanner

## മറ്റ് അറിയിപ്പുകൾ

1. ഓഡിറ്റ് റിപ്പോർട്ട് (2023 2024) ഡയറക്ടേഴ്സ് റിപ്പോർട്ട് , ബഡ്ജറ്റ് (2024 2025) എന്നിവകമ്പനി website: www.onattukaracpc.com -ൽ upload ചെയ്തിട്ടുണ്ട്. പൊതുയോഗദിനം കോപ്പി ആവശ്യമുള്ള അംഗങ്ങൾക്ക് നൽകുന്നതാണ്.
2. ഓഹരി ഉടമകൾക്കുള്ള സംശയങ്ങൾ 04/ 09/ 2024 നകം കമ്പിനി EMail ലേക്കോ കത്ത്മുഖേനയോ അറിയിക്കേണ്ടതാണ്.
3. **ഓഹരി ഉടമകൾക്ക് ഇ-വോട്ടിംഗ് സൗകര്യം:** കമ്പനിയിൽ ഐ.ഡി.രജിസ്റ്റർ ചെയ്തിട്ടുള്ള ഓഹരി ഉടമകൾക്ക് ഈ പൊതുയോഗത്തോടുനുബന്ധിച്ചും വിദൂര ഇ-വോട്ടിംഗ് (റിമോർട്ട് വോട്ടിംഗ്) ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സെപ്തംബപർ 08.09,10 എന്നി ദിവസങ്ങളിലാണ് ഇ-വോട്ടിംഗ് സൗകര്യം, യൂസർ ഐ.ഡി.യും പാസ്സ് വേർഡും ലഭിക്കുന്നതിന് mail @ onattukaracpc.com എന്ന കമ്പനി ഇ-മെയിലിൽ അപേക്ഷിക്കേണ്ടതാണ്.
കമ്പനിയിൽ ഇ-മെയിൽ രജിസ്റ്റർ ചെയ്യാത്ത അംഗങ്ങൾ ദയവായി കമ്പനിയുടെ ഇ-മെയിലിൽ onattukaracpc@ gmail.com എന്ന മെയിലിൽ 04-09-24 മുൻമ്പ് ഓഹരി ഉടമയുടെ പേര്, മൊബൈൽ നമ്പർ, ഇരുവശവും സ്കാൻ ചെയ്ത്ത ഓഹരി സർട്ടിഫിക്കേറ്റിന്റെ പകർപ്പ്, പാൻകാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ സ്കാൻ ചെയ്ത്ത പകർപ്പ് എന്നിവ അയയ്ക്കുക. വിദൂര ഇ-വോട്ടിംഗ് വഴി വോട്ട് രേഖപ്പെടുത്തിയ അംഗങ്ങൾക്ക് യോഗത്തിൽ പങ്കെടുക്കാം. വീണ്ടും വോട്ട് രേഖപ്പെടുത്തുവാൻ അർഹതയില്ല.
2. **വോട്ട് ചെയ്യാൻ പ്രോക്സി സൗകര്യം:**
പൊതുയോഗത്തിൽ പങ്കെടുക്കുവാനും വോട്ട് ചെയ്യുവാനും അർഹതയുള്ള ഓഹരി ഉടമകൾക്ക് അവരുടെ അഭാവത്തിൽ മീറ്റിംഗിൽ പങ്കെടുത്ത് വോട്ട് ചെയ്യാൻ പ്രതിനിധിയെ വെയ്ക്കാവുന്നതാണ്. ഈ പ്രതിനിധി കമ്പനിയുടെ അംഗങ്ങൾ ആകണമെന്നില്ല. എന്നാൽ പ്രതിനിധിയെ വെയ്ക്കുന്നപക്ഷം മീറ്റിംഗ് തുടങ്ങുന്നതിന് 48 മണിക്കൂറുകൾക്ക് മുൻപ് രേഖ കമ്പനിയിൽ സമർപ്പിക്കേണ്ടതാണ്. കമ്പനിയുടെ മൊത്തം ഓഹരിയുടെ പത്തുശതമാനത്തിൽ കൂടുതൽ കൈവശം വയ്ക്കുന്ന ഉടമകൾക്ക് ഒറ്റ പ്രതിനിധിയെ മാത്രം വയ്ക്കാൻ സാധിക്കുകയുള്ളു. ആ പ്രതിനിധിക്ക് മറ്റ് ഓഹരിയുടെമകളുടെ പ്രതിനിധിയാകുവാൻ സാധ്യമല്ല.

പ്രതിനിധിയായി വരുന്നയാൾ ഹാജർ സ്ലിപ്പ് യോഗവേദിയുടെ പ്രവേശന കവാടത്തിൽ ബന്ധപ്പെട്ടവർക്ക് സമർപ്പിക്കേണ്ടതാണ്.

ഓഹരി ഉടമയുടെ മേൽവിലാസത്തിൽ വരുന്ന മാറ്റങ്ങൾ ഉടനടി കമ്പനി ഓഫീസിൽ അറിയിക്കേണ്ടതാണ്.

മറ്റു വിവരങ്ങൾക്ക് കമ്പനിയുമായി ബന്ധപ്പെടുകയോ വെബ്സൈറ്റിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ പരിശോധിക്കുകയോ ചെയ്യാം.

ബോർഡിന്റെ ആജ്ഞപ്രകാരം (ഒപ്പ്)

വെട്ടിക്കോട്
12.08-2024

ഡോ.രമണി ഗോപാലകൃഷ്ണൻ (സി.ഇ.ഒ)

Scanned with OKEN Scanner